തലസ്ഥാന നഗരിയിലെ സിവിൽ സ്റ്റേഷൻ

15 (3574) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സ്വന്തമായി ഒരു സിവിൽസ്റ്റേഷൻ നിലവിൽ ഇല്ലാത്ത ജില്ലയാണ് തിരുവനന്തപുരം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തലസ്ഥാന ജില്ലയായ തിരുവനന്തപുരത്തിന് അർഹിക്കുന്ന നിലയിൽ പ്രാധാന്യം നൽകി ഒരു സിവിൽ സ്റ്റേഷൻ കോംപ്ലക്സ് പണിയാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി മുൻ നിശ്ചയിച്ച സ്ഥലം മാറ്റേണ്ടി വന്നതിനാൽ പകരം സ്ഥലം ലഭ്യമായാൽ മാത്രമേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

റാന്നിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

16 (3575) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നിയിൽ റവന്യൂ ടവറിനായി ശിലാസ്ഥാപനം നടത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ നിർമ്മാണത്തിനായി എന്നാണ് റവന്യൂ വക സ്ഥലം ഹൗസിംഗ് ബോർഡിന് കൈമാറിയതെന്ന് വ്യക്തമാക്കാമോ ;

(സി) റാന്നിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഭരണാനുമതി ലഭിച്ച സ്ഥിതിക്ക് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലം റവന്യൂ വകുപ്പിനുതന്നെ കൈമാറുന്നതിന് എന്തൊക്കെ മേൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റാന്നി റവന്യൂ ടവറിന്റെ ശിലാസ്ഥാപനം നടത്തിയത് 15-3-1996-ൽ ആണ്.

(ബി) 29-11-2005-ലാണ് റവന്യൂ വക സ്ഥലം ഹൗസിംഗ് ബോർഡിന് കൈമാറിയത്.

(സി) ഉണ്ട്.

(ഡി) റാന്നിയിൽ റവന്യൂ ടവർ നിർമ്മിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly